കാസിയ വിൽപ്പന

23 (3454) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ മരുന്നുകളിലും മസാലപ്പൊടികളിലും കറുവപ്പട്ടയുടെ പേരിൽ കാസിയ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാസിയ ചേർക്കുന്നത് കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കുമോ ;

(ബി) സംസ്ഥാനത്ത് കാസിയ വിൽക്കുന്നത് തടയാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിട്ടി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൈസസ് റിസർച്ചിൽ നടത്തിയ പരിശോധനകളിൽ കാസിയയിലെ വിഷാംശം സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് ഏതെല്ലാം രോഗങ്ങൾക്ക് കാരണമാകുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളി പ്പെടുത്താമോ ?

ഉത്തരം

(എ) കറുവപ്പട്ടയുടെ പേരിൽ കാസിയ ചേർക്കുന്നത് സംബന്ധിച്ച പരാതിയിന്മേൽ ആയുർവ്വേദ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം സംസ്ഥാനത്തെ വിവിധ ഔഷധ നിർമ്മാണ ശാലകളിൽ പരിശോധന നടത്തുകയും 19 യൂണിറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുകയും പ്രസ്തുത സാമ്പിൾ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു. ആയതിൽ 14 എണ്ണത്തിന്റെ പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. ലഭ്യമായ പരിശോധനാ ഫലങ്ങൾ ടി സാമ്പിളുകളിലെല്ലാം ആയുർവേദ ഫാർമക്കോപ്പിയ ഇൻഡ്യ നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരം പുലർത്തുന്നുണ്ട്. കറുവപ്പട്ടയ്ക്ക് പകരം കാസിയ ഉപയോഗിക്കരുതെന്ന് വകുപ്പ് ഔഷധ നിർമ്മാതാക്കൾക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുവാൻ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2008-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം കാസിയയ്ക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര ചട്ടങ്ങൾ പ്രകാരം മാനദണ്ഡം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഭക്ഷ്യ വസ്തു ആയതിനാൽ, ആയതിന്റെ വിൽപ്പന തടയുവാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ഇതിനകം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ, കുറവപ്പട്ട (സിനമോൺ) എന്ന രീതിയിൽ കാസിയയുടെ വിൽപ്പന നടത്തുന്നതായ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2011 മുതൽതന്നെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ആവശ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചതിൽ കുറവപ്പട്ട എന്ന രീതിയിൽ കാസിയയുടെ വിൽപ്പന ശ്രദ്ധയിൽ പ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇതുസംബന്ധിച്ച റിപ്പോർട്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലോ ആയുർവ്വേദ വിഭാഗം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലോ ലഭ്യമല്ല.

പുതിയ മെഡിക്കൽ കോളേജുകൾ

24 (3455) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കോന്നി മെഡിക്കൽ കോളേജിന്റെയും തിരുവനന്തപുരത്തെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly